**<u>15 -ാം കേരള നിയമസഭ</u>**

**<u>8 -ാം സമ്മേളനം</u>**

**<u>നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 532</u>** **<u>20-03-2023 - ൽ മറുപടിയ്ക്ക്</u>**

**<u>ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് നടത്തുന്ന വികസന പ്രവർത്തനങ്ങൾ</u>**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീമതി ദെലീമ,<br>ശ്രീ. കെ. ജെ. മാക്സി,<br>ശ്രീ എം രാജഗോപാലൻ,<br>ശ്രീ. കെ. ആൻസലൻ** | | **ശ്രീ സജി ചെറിയാൻ<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് മത്സ്യബന്ധന തുറമുഖങ്ങളുടെ നിർമ്മാണത്തിനും അടിസ്ഥാന സൗകര്യ വികസനത്തിനുമായി ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് മുഖേന നടത്തുന്ന പ്രവർത്തനങ്ങൾ വിശദമാക്കുമോ; | (എ) | സംസ്ഥാനത്ത് മത്സ്യബന്ധന തുറമുഖങ്ങളുടെ നിർമ്മാണത്തിനും അടിസ്ഥാന സൗകര്യ വികസനത്തിനുമായി ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് മുഖേന നടത്തുന്ന പ്രവർത്തനങ്ങൾ അനുബന്ധമായി ചേർക്കുന്നു. |
| (ബി) | ആലപ്പുഴ ജില്ലയിലെ ചെത്തി മത്സ്യബന്ധന തുറമുഖത്തിന്റെ നിർമ്മാണ പുരോഗതി അറിയിക്കാമോ; | (ബി) | അറിയിക്കാം. കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി FSH007-01/APR-3/2020/KIIFB തീയതി 13/02/2020 തീയതി പ്രകാരം ചെത്തി മത്സ്യബന്ധന തുറമുഖ നിമ്മാണത്തിനായി 97.43 കോടി രൂപയുടെ ഭരണാനുമതിയും 95 കോടി രൂപയുടെ സാങ്കേതികാനുമതിയും നൽകിയിട്ടുണ്ട്. കേരള സ്റ്റേറ്റ് കോസ്റ്റൽ ഏരിയ ഡെവലപ്മെന്റ് കോർപ്പറേഷൻ ടെന്റർ ക്ഷണിച്ച് M/s. രാമലിംഗം കമ്പനിയുമായി 28/10/2021 ൽ കരാറിൽ ഏർപ്പെട്ട് 05/11/2021 ൽ പ്രവൃത്തി ആരംഭിക്കുകയും ചെയ്തു. ടി പദ്ധതിയിൽ തെക്കേ പുലിമുട്ടിന്റെയും വടക്കേ പുലിമുട്ടിന്റെയും നിർമ്മാണ പ്രവർത്തനങ്ങൾ നടന്നു വരുന്നു. ആകെ നിർമ്മാണ പ്രവൃത്തിയുടെ 17% പ്രവൃത്തികൾ ഇതുവരെ പൂർത്തീകരിച്ചിട്ടുണ്ട്. |
| (സി) | താനൂർ, വെള്ളയിൽ, ചെല്ലാനം, പുതിയാപ്പ ഫിഷിംഗ് ഹാർബറുകളുടെ അടിസ്ഥാന സൗകര്യ വിപുലീകരണ പ്രവൃത്തികൾ പൂർത്തീകരിക്കാനായിട്ടുണ്ടോയെന്ന് അറിയിക്കുമോ; | (സി) | അറിയിക്കാം. കേന്ദ്രാവിഷ്കൃത പദ്ധതിയിൽ ഉൾപ്പെടുത്തി 44.87 കോടി രൂപയുടെ ഭരണാനുമതി നൽകിയ താനൂർ ഫിഷിംഗ് ഹാർബറിന്റെ പ്രവൃത്തി 30/03/2021 ൽ പൂർത്തീകരിച്ചു. നബാർഡ് RIDF XXV ൽ ഉൾപ്പെടുത്തി 14.86 കോടി രൂപയുടെ താനൂർ ബ്രേക്ക് വാട്ടറിന്റെ നീളം കൂട്ടുന്ന പ്രവൃത്തി 12/03/2021 ന് പൂർത്തീകരിച്ചു. നബാർഡ് RIDF XXVII ൽ ഉൾപ്പെടുത്തി 13.9 കോടി രൂപയുടെ വിവിധ പ്രവൃത്തികൾ പുരോഗമിക്കുന്നു. അതിൽ ഗേറ്റ് ഹൗസ്, ടോയ്‌ലറ്റ്, ലാന്റ് ഫില്ലിംഗ് എന്നീ പ്രവൃത്തികൾ പൂർത്തീകരിച്ചു. ലോ ലെവൽ ജെട്ടി & |

വാർഫ്, അഡ്മിനിസ്ട്രേറ്റീവ് ബിൽഡിംഗ്, കോമ്പൗണ്ട് വാൾ, പാർക്കിംഗ് ഏരിയ, ലോഡിംഗ് ഏരിയ, നെറ്റ്മെന്റിംഗ് ഷെഡ്, ഗിയർ ഷെഡ്, ക്യാന്റീൻ ഷോപ്പ് ബിൽഡിംഗ് എന്നിവ ദ്രുതഗതിയിൽ പുരോഗമിക്കുന്നു. ടി പ്രവൃത്തികൾ 2023 മെയ് മാസത്തോടെ പൂർത്തീകരിക്കാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

പുതിയാപ്പ ഹാർബറിന്റെ അടിസ്ഥാന സൗകര്യ വിപുലീകരണത്തിനായി ആർ.കെ.വി.വൈ പദ്ധതിയിൽ ഉൾപ്പെടുത്തി 10.96 കോടി രൂപ ചെലവഴിച്ച് 2 ബർത്തിംഗ് ജെട്ടികളുടെ നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. നബാർഡ് XXIII ൽ ഉൾപ്പെടുത്തി 19 ലോക്കർ മുറികൾ, 1560 മീറ്റർ കോമ്പൗണ്ട് വാൾ എന്നിവ പൂർത്തീകരിച്ചിട്ടുണ്ട്. കൂടാതെ പുതിയാപ്പ ഹാർബറിന്റെ വിപുലീകരണത്തിനായി 16.25 കോടി രൂപയുടെ പ്രൊപ്പോസലും പുതിയാപ്പ ഫിഷിംഗ് ഹാർബറിന്റെ ഡ്രഡ്ജിംഗ് പ്രവൃത്തിയ്ക്കായി 5.373 കോടി രൂപയുടെ പ്രൊപ്പോസലും പ്രധാനമന്ത്രി മത്സ്യ സമ്പദാ യോജന (PMMSY) യിൽ ഉൾപ്പെടുത്തി കേന്ദ്ര സർക്കാരിന്റെ അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട്.

വെള്ളയിൽ ഹാർബറിന്റെ അടിസ്ഥാന സൗകര്യ വിപുലീകരണത്തിനായി നബാർഡ് XXIII ൽ ഉൾപ്പെടുത്തി അഡ്മിനിസ്ട്രേറ്റീവ് ബ്ലോക്ക്, കോമ്പൗണ്ട് വാൾ പാർക്കിംഗ് ഏരിയ & ഡ്രെയിൻ, റോഡ് നാവിഗേഷണൽ ഗൈഡ് ലൈറ്റ്, ഇലക്ട്രിഫിക്കേഷൻ ഓഫ് ആക്ഷൻ ഹാൾ യാർഡ് ലൈറ്റ് എന്നീ പ്രവൃത്തികൾ 2022 ൽ പൂർത്തീകരിച്ചിട്ടുണ്ട്. കൂടാതെ നബാർഡ് XXV ൽ ഉൾപ്പെടുത്തി മത്സ്യബന്ധന യാനങ്ങളുടെ സുഗമമായ യാത്രയ്ക്ക് വേണ്ടി സൗത്ത് ബ്രേക്ക് വാട്ടറിന്റെ നീളം വർദ്ധിപ്പിക്കുന്ന പ്രവൃത്തി 2021 ൽ പൂർത്തീകരിച്ചിട്ടുണ്ട്. നബാർഡ് XXVII ൽ ഉൾപ്പെടുത്തി വാർഫ്, ലോ ലെവൽ ജെട്ടി എന്നിവയുടെ നീളം വർദ്ധിപ്പിക്കൽ, പാർക്കിംഗ് ഏരിയ നെറ്റ്മെന്റിംഗ് ഷെഡ്, ക്യാന്റീൻ, ടോയ്‌ലറ്റ് ബ്ലോക്ക്, ലോക്കർ റൂം, കോമ്പൗണ്ട് വാൾ എന്നീ പ്രവൃത്തികൾ പൂർത്തീകരണ ഘട്ടത്തിലാണ്.

നബാർഡ് XXIII ഉൾപ്പെടുത്തി ചെല്ലാനം ഫിഷിംഗ് ഹാർബറിന്റെ 10.37 കോടി രൂപയുടെ അടിസ്ഥാന സൗകര്യ വിപുലീകരണ പ്രവൃത്തികൾ പൂർത്തീകരിച്ചു. നബാർഡിൽ XXVII ഉൾപ്പെടുത്തി ചെല്ലാനം ഫിഷിംഗ് ഹാർബറിന്റെ 13.43 കോടി രൂപയുടെ

| | | | |
|---|---|---|---|
| | | | അടിസ്ഥാന സൗകര്യ വിപുലീകരണ പ്രവർത്തനങ്ങൾ വിവിധ ഘട്ടങ്ങളായി പുരോഗമിക്കുന്നു. |
| (ഡി) | മുനമ്പം ഹാർബറിന്റെ പുലിമുട്ടിന്റെ നീളം വർദ്ധിപ്പിക്കുന്ന പദ്ധതി പൂർത്തിയാക്കിയിട്ടുണ്ടോ; വിശദമാക്കുമോ? | (ഡി) | ഓഖി പദ്ധതിയിൽ ഉൾപ്പെടുത്തി 10.57 കോടി രൂപയുടെ ഭരണാനുമതി നൽകിയ മുനമ്പം ഫിഷിംഗ് ഹാർബറിലെ വടക്കേ പുലിമുട്ടിന്റെ നീളം വർദ്ധിപ്പിക്കുന്ന പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

## <u>അനുബന്ധം</u>

**<u>സംസ്ഥാനത്ത് മത്സ്യബന്ധനതുറമുഖങ്ങളുടെ നിർമ്മാണത്തിനും അടിസ്ഥാന സൗകര്യവികസനത്തിനുമായി ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് മുഖേന നടപ്പിലാക്കിയതും നടപ്പിലാക്കിവരുന്നതുമായ പദ്ധതികൾ ചുവടെ ചേർക്കുന്നു.</u>**

സംസ്ഥാനത്ത് ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് നടപ്പിലാക്കിയ 25 മത്സ്യബന്ധന ഹാർബറുകളാണുള്ളത്. ആയതിൽ 21 എണ്ണം പ്രവർത്തിച്ചു വരുന്നു. ചെത്തി, പരപ്പനങ്ങാടി, അർത്തുങ്കൽ, കാസർഗോഡ് ഹാർബറുകളുടെ നിർമ്മാണം പുരോഗമിച്ചു വരുന്നു. പദ്ധതികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

**<u>കിഫ്ബി</u>**

കിഫ്ബി ധനസഹായത്തോടെയുള്ള പരപ്പനങ്ങാടി (112.22 കോടി രൂപ), ചെത്തി (97.44 കോടി രൂപ) എന്നീ രണ്ട് പുതിയ മത്സ്യബന്ധന തുറമുഖ പദ്ധതികളുടെ നിർമ്മാണം പുരോഗമിക്കുന്നു.

**നബാർഡ്**

ഹാർബറുകളുടെ നവീകരണത്തിനും പരിപാലനത്തിനും നബാർഡ് പദ്ധതിയിൽ ഉൾപ്പെടുത്തി ഭരണാനുമതി നൽകിയ പ്രവൃത്തികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

**നബാർഡ് XXIII (25.37 കോടി)**

1. ചെല്ലാനം മത്സ്യബന്ധന തുറമുഖത്തിലെ അടിസ്ഥാന സൗകര്യ വികസനം (1037.00 ലക്ഷം) – പൂർത്തീകരിച്ചു.
2. തങ്കശ്ശേരി മത്സ്യബന്ധന തുറമുഖത്തിലെ അടിസ്ഥാന സൗകര്യ വികസനം (625.00 ലക്ഷം) – പൂർത്തീകരിച്ചു.
3. വെള്ളയിൽ മത്സ്യബന്ധന തുറമുഖത്തിലെ അടിസ്ഥാന സൗകര്യ വികസനം (650.00 ലക്ഷം) – പൂർത്തീകരിച്ചു.
4. പുതിയാപ്പ മത്സ്യബന്ധന തുറമുഖത്തിലെ അടിസ്ഥാന സൗകര്യ വികസനം (225.00 ലക്ഷം) – പൂർത്തീകരിച്ചു.

**നബാർഡ് XXV (44.33 കോടി)**

1. താനൂർ മത്സ്യബന്ധന തുറമുഖത്തിലെ പുലിമുട്ടുകളുടെ നീളം വർദ്ധിപ്പിക്കൽ (1486.32 ലക്ഷം) – പൂർത്തീകരിച്ചു.
2. വെള്ളയിൽ മത്സ്യബന്ധന തുറമുഖത്തിലെ തെക്കേ പുലിമുട്ടിന്റെ നീളം വർദ്ധിപ്പിക്കൽ (2233.11 ലക്ഷം) – പൂർത്തീകരിച്ചു.

3. മലപ്പുറം ജില്ലയിലെ പുറത്തൂർ പഞ്ചായത്തിലുൾപ്പെട്ട പള്ളിക്കടവിലെ തീരസംരക്ഷണം പ്രവൃത്തി (713.70 ലക്ഷം) – പൂർത്തീകരിച്ചു.

**നബാർഡ് XXVI (57.44 കോടി)**

1. തങ്കശ്ശേരി മത്സ്യബന്ധന തുറമുഖത്തിലെ അടിസ്ഥാന സൗകര്യ വികസനം (514.00 ലക്ഷം) – പുരോഗമിക്കുന്നു.
2. നീണ്ടകര ഫിഷിംഗ് ഹാർബറിലെ നിലവിലുള്ള ഘടകങ്ങളുടെ അറ്റകുറ്റപ്പണികളും അടിസ്ഥാന സൗകര്യ വികസനവും (1000.00 ലക്ഷം)—പുരോഗമിക്കുന്നു.
3. നീണ്ടകര മത്സ്യബന്ധന തുറമുഖത്തിലെ വിപുലീകരണവും ആധുനീകരണവും (ശക്തികുളങ്ങര) (3450.00 ലക്ഷം)—പുരോഗമിക്കുന്നു.
4. കായംകുളം മത്സ്യബന്ധന തുറമുഖത്തിലെ അധിക ബർത്തിംഗ് ഫെസിലിറ്റിയുടെ നിർമ്മാണം (780.00 ലക്ഷം)– പുരോഗമിക്കുന്നു.

**നബാർഡ് XXVII (55.54 കോടി)**

1. താനൂർ മത്സ്യബന്ധന തുറമുഖത്തിലെ അടിസ്ഥാന സൗകര്യ വികസനം (1390.76 ലക്ഷം) –– പുരോഗമിക്കുന്നു.
2. ചെല്ലാനം മത്സ്യബന്ധന തുറമുഖത്തിലെ അടിസ്ഥാന സൗകര്യ വികസനം (1343 ലക്ഷം)– പുരോഗമിക്കുന്നു.
3. വെള്ളയിൽ മത്സ്യബന്ധന തുറമുഖത്തിലെ അടിസ്ഥാന സൗകര്യ വികസനം (1153 ലക്ഷം)– പുരോഗമിക്കുന്നു.
4. വലിയഴീക്കൽ ഫിഷ് ലാന്റിംഗ് സെന്ററിന്റെ അടിസ്ഥാന വികസനം – (1668 ലക്ഷം) പുരോഗമിക്കുന്നു.

**നബാർഡ് XXVIII (50.94 കോടി)**

1. ആലപ്പാട് അഴീക്കൽ ഫിഷറി ഹാർബറിന്റെ നവീകരണം (25.57 കോടി)– ഭരണാനുമതി നൽകി.
2. കണ്ണൂർ അഴീക്കൽ ഫിഷിംഗ് ഹാർബറിന്റെ നവീകരണം (25.37 കോടി)– ഭരണാനുമതി നൽകി.

**ഓഖി ഡെവലപ്പ്മെന്റ് പാക്കേജ്**

ഓഖി ഡെവലപ്പ്മെന്റ് പാക്കേജിൽ ഉൾപ്പെടുത്തി 5 മത്സ്യബന്ധന തുറമുഖങ്ങളുടെ നവീകരണത്തിനായി 54.70 കോടി രൂപയുടെ അനുമതി നൽകി. ആയതിൽ മുനമ്പം മത്സ്യബന്ധന തുറമുഖത്തിലെ വടക്കേ പുലിമുട്ടിന്റെ നീളം വർദ്ധിപ്പിക്കൽ, കാസർഗോഡ് ഫിഷിംഗ് ഹാർബറിലെ ബ്രേക്ക് വാട്ടറിന്റെ നീളം വർദ്ധിപ്പിക്കൽ എന്നീ പ്രവൃത്തികൾ പൂർത്തീകരിച്ചു. ശേഷിക്കുന്ന പ്രവൃത്തികൾ പുരോഗമിച്ചു വരികയുമാണ്.

1. നീണ്ടകര മത്സ്യബന്ധന തുറമുഖത്തിന്റെ രണ്ടാംഘട്ട വികസനം – പുരോഗമിച്ചു വരുന്നു.
2. തോട്ടപ്പള്ളി മത്സ്യബന്ധന തുറമുഖത്തിന്റെ രണ്ടാംഘട്ട വികസനം – ഫേസ് I– പുരോഗമിക്കുന്നു.
3. കാസർഗോഡ് മത്സ്യബന്ധന തുറമുഖത്തിലെ പുലിമുട്ടുകളുടെ നീളം വർദ്ധിപ്പിക്കൽ – പൂർത്തീകരിച്ചു.
4. കായംകുളം മത്സ്യബന്ധന തുറമുഖത്തിന്റെ രണ്ടാംഘട്ട വികസനം– ഫേസ്– 1 – പൂർത്തീകരിച്ചു.
5. മുനമ്പം മത്സ്യബന്ധന തുറമുഖത്തിലെ വടക്കേ പുലിമുട്ടിന്റെ നീളം വർദ്ധിപ്പിക്കൽ – പൂർത്തീകരിച്ചു

**RKVY**

RKVY പദ്ധതിയിൽ ഉൾപ്പെടുത്തി ബേപ്പൂർ(97.84 ലക്ഷം), പുതിയാപ്പ (1101.80 ലക്ഷം), ചോമ്പാൽ (408.44 ലക്ഷം) എന്നിവിടങ്ങളിൽ പുതിയ ബർത്തിംഗ് ജെട്ടികളുടെ നിർമ്മാണം പൂർത്തീകരിച്ചു.

**തീരദേശ റോഡുകൾ**

തീരദേശ റോഡുകളുടെ നിർമ്മാണത്തിനായി 2021–22 വർഷം ഭരണാനുമതി നൽകിയ 78.756 കോടി രൂപയുടെ 149 റോഡുകളിൽ 73 എണ്ണം പൂർത്തിയായി. 69 എണ്ണം പുരോഗമിക്കുന്നു. 4 പ്രവൃത്തികളിന്മേൽ ടെണ്ടർ ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. 2022–23 വർഷം 83.39 കോടി രൂപയുടെ 159 റോഡുകൾക്ക് ഭരണാനുമതി നൽകിയതിൽ 2 പ്രവൃത്തികൾ പൂർത്തിയായി. 34 എണ്ണം പുരോഗമിക്കുന്നു. 29 എണ്ണം ടെണ്ടർ ചെയ്തു. 94 എണ്ണം ടെണ്ടർ ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

**പുനർഗേഹം**

മത്സ്യത്തൊഴിലാളികളുടെ പുനരധിവാസത്തിനായി പുനർഗേഹം പദ്ധതിയിൽ ഉൾപ്പെടുത്തി തിരുവനന്തപുരം ജില്ലയിലെ ബീമാപള്ളിയിൽ 20 ഫ്ലാറ്റുകൾ (2 കോടി), മലപ്പുറം ജില്ലയിലെ പൊന്നാനിയിൽ 128 ഫ്ലാറ്റുകൾ (12.8 കോടി) നിർമ്മിച്ച് കൈമാറി നൽകിയിട്ടുണ്ട്. പൊന്നാനി ഹൗസിംഗ് സ്കീം രണ്ടാംഘട്ടം (100 യൂണിറ്റ്) (14.33 കോടി) ഭരണാനുമതി നൽകിയതനുസരിച്ച് ദർഘാസ് നടപടികൾ പൂർത്തീകരിച്ച് സെലക്ഷൻ നോട്ടീസ് നൽകിയിട്ടുണ്ട്. ഉണ്ണ്യാൽ ഹൗസിംഗ് സ്കീം (16 യൂണിറ്റ്) (2.1 കോടി) പ്രവൃത്തി

പുരോഗമിക്കുന്നു. കാസർഗോഡ് ജില്ലയിലെ കോയിപ്പാടി ഹൗസിംഗ് സ്കീം (144 യൂണിറ്റ്) (23.2 കോടി) -ന് ഭരണാനുമതി നൽകിയതനുസരിച്ച് ദർഘാസ് നടപടികൾ പൂർത്തീകരിച്ച് സെലക്ഷൻ നോട്ടീസ് നൽകിയിട്ടുണ്ട്. തിരുവനന്തപുരം ജില്ലയിലെ മുട്ടത്തറയിലെ കോമൺഫെസിലിറ്റി സെന്ററിലെ സിവിൽ പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. തിരുവനന്തപുരം ജില്ലയിലെ മുട്ടത്തറ ഹൗസിംഗ് സ്കീം (400 യൂണിറ്റ്) (81 കോടി) ഭരണാനുമതി നൽകിയതനുസരിച്ച് കരാറിൽ ഏർപ്പെട്ട് പ്രവൃത്തി ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു.

സംസ്ഥാന പദ്ധതിയിൽ ഉൾപ്പെടുത്തി ഫിഷിംഗ് ഹാർബറിന്റെ മെയിന്റനൻസ് ഡ്രഡ്ജിംഗ് തീരദേശ ഘടകങ്ങളുടെ 'Expansion and Major Addition' എന്നിവയ്ക്കായി ഏകദേശം 12 കോടി രൂപയുടെ വിവിധ പ്രവൃത്തികൾ പല ഘട്ടങ്ങളിലായി പുരോഗമിക്കുന്നു.

കാസർഗോഡ് ഫിഷറി ഹാർബറിന്റെ നവീകരണം (71.00 കോടി), തിരുവനന്തപുരം ജില്ലയിലെ പൊഴിയൂർ ഫിഷറി ഹാർബറിന്റെ നിർമ്മാണം (343.00 കോടി), ആലപ്പുഴ ജില്ലയിലെ തോട്ടപ്പള്ളി ഫിഷറി ഹാർബറിന്റെ നവീകരണം (148.00 കോടി), മലപ്പുറം ജില്ലയിലെ പൊന്നാനി, കോഴിക്കോട് ജില്ലയിലെ പുതിയാപ്പ, കൊയിലാണ്ടി ഫിഷറി ഹാർബറുകളുടെ മോഡേണൈസേഷൻ (59.78 കോടി) ആലപ്പാട് അഴീക്കൽ (5.27 കോടി), പൊന്നാനി (6.07 കോടി), ചേറ്റുവ (5.27 കോടി), ബേപ്പൂർ (5.66 കോടി), പുതിയാപ്പ (5.373 കോടി), കൊയിലാണ്ടി (5.60 കോടി) എന്നീ ഫിഷിംഗ് ഹാർബറുകളിൽ ഡ്രെഡ്ജിംഗ്, മലപ്പുറം ജില്ലയിലെ പടിഞ്ഞാറെക്കര (4.93 കോടി), കോഴിക്കോട് ജില്ലയിലെ തിക്കോടി (5.27 കോടി), കണ്ണൂർ ജില്ലയിലെ ചൂട്ടാട് മഞ്ച (5.55 കോടി), കാസർഗോഡ് ജില്ലയിലെ നീലേശ്വരം (7 കോടി) എന്നീ ഫിഷ് ലാന്റിംഗ് സെന്ററുകളുടെ നവീകരണത്തിനായുള്ള പ്രൊപ്പോസലുകൾ പ്രധാനമന്ത്രി മത്സ്യ സമ്പദാ യോജന (PMMSY)-ൽ ഉൾപ്പെടുത്തി നടപടി സ്വീകരിച്ചു വരുന്നു. അർത്തുങ്കൽ ഫിഷറി ഹാർബറിന്റെ ബാലൻസ് (161 കോടി) പ്രവൃത്തികൾക്കുള്ള പ്രൊപ്പോസൽ FIDF -ൽ ഉൾപ്പെടുത്തി നടപ്പിലാക്കുന്നതിന് കേന്ദ്ര ഫിഷറീസ് മന്ത്രാലയത്തിന്റെ അംഗീകാരം ലഭ്യമായിട്ടുണ്ട്. നബാർഡിന്റെ അംഗീകാരം ലഭിക്കേണ്ടതുണ്ട്.